**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം**

വികാസ് ഭവൻ, തിരുവനന്തപുരം-695033

ഇമെയിൽ: cru.agridir@kerala.gov.in, ഫോൺ: 0471-2304481

നം: ADFW/9386/2024-IT2 തീയതി :28-10-2024

**സർക്കുലർ**

വിഷയം:- ANUBHAVAM (Assessment for Nurturing and Uplifting Beneficiary Happiness and Agricultural Visitor Assessment Mechanism) പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്

സൂചന:- 27/07/2024 ലെ സ. ഉ (എം എസ് ) നം. 80/2024/ കൃഷി സർക്കാർ ഉത്തരവ്

മേൽ സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സംസ്ഥാനത്തെ കർഷകർക്ക് കൃഷിഭവനുകളിലെ അനുഭവങ്ങൾ അതാത് കൃഷി കൃഷിഭവനുകളിൽ സ്ഥാപിച്ചിട്ടുള്ള QR കോഡ് വഴി രേഖപ്പെടുത്തുന്നതിനുള്ള സംവിധാനമാണ് ANUBHAVAM (Assessment for Nurturing and Uplifting Beneficiary Happiness and Agricultural Visitor Assessment Mechanism). പ്രസ്തുത പദ്ധതിയുടെ ഉദ്ഘാടനം 30-10-2024 നു ബഹുമാനപ്പെട്ട കൃഷി വകുപ്പ് മന്ത്രി ശ്രീ പി. പ്രസാദ് അവർകൾ നിർവഹിക്കുന്നതാണ്. ആയതിനാൽ കൃഷി ഭവനുകളിൽ QR കോഡ് 29-10-2024 നു മുൻപ് തന്നെ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ചെയ്യുകയും ഇത്ബന്ധപ്പെട്ട പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ ഉറപ്പ വരുത്തുകയും ചെയ്യേണ്ടതാണ്.

**പദ്ധതി ലക്ഷ്യങ്ങൾ**

1. കൃഷിഭവനുകളുടെ പ്രവർത്തനം സുതാര്യവും കാര്യക്ഷമവുമാക്കുക.
2. കർഷകർക്ക് മികച്ച സേവനം ലഭ്യമാക്കുക.
3. കാർഷിക സേവന സംവിധാനങ്ങളുടെ വിശ്വാസ്യത വർധിപ്പിക്കുക.
4. കൃഷിഭവനുകളുടെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനുള്ള കേന്ദ്രീകൃത സംവിധാനം സ്ഥാപിക്കുക.
5. ജീവനക്കാരുടെ പ്രവർത്തന നിലവാരം മെച്ചപ്പെടുത്തുക.

**പദ്ധതി പ്രവർത്തനം / നടത്തിപ്പ്**

1. **www.kathir.kerala.gov.in** എന്ന വെബ്സൈറ്റിൽ പ്രവേശിച്ച് കൃഷി ഓഫീസർമാർക്ക് നൽകിയിട്ടുള്ള യൂസർ ഐഡിയും പാസ്സ് വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്യുക. തുടർന്ന് വരുന്ന പേജിൽ മുകളിൽ മധ്യഭാഗത്തായി കാണുന്ന "ANUBHAVAM QR Code" എന്ന ലിങ്കിൽ ക്ലിക്ക് ചെയ്തു QR കോഡ് ജനറേറ്റ് ചെയ്യുക.
2. QR കോഡ് താഴെ പറയുന്ന മാതൃകയിലുള്ളതായിരിക്കണം

- Type: Acrylic Board

  size: 1.5 ft x 1 ft (2MM)

  with A3 Mirror print on clear vinyl with four holes for fixing steel studs

3. QR കോഡ് കൃഷിഭവനിൽ കർഷകർക്ക് വ്യക്തമായി കാണാവുന്നതും സുരക്ഷിതവുമായ സ്ഥലത്ത് പ്രദർശിപ്പിക്കണം.

4. പദ്ധതി നടത്തിപ്പിനായി കൃഷിഭവനുകളിലെ ഇമ്പ്രെസ്സ് ഫണ്ട് / ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഫണ്ട് / സ്പോൺസർഷിപ് തുടങ്ങിയവ പ്രയോജനപ്പെടുത്താവുന്നതാണ്.

5. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ട്രെയിനിങ് ഓൺലൈൻ മുഖേന നൽകിയിട്ടുണ്ട്.

6. കൂടുതൽ വിവരങ്ങൾക്ക് ഐ ടി ഡിവിഷനിലെ 0471 2968122 / 2309122 / 2303990 എന്ന നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

7. പദ്ധതിയുടെ നോഡൽ ഓഫീസറായി ശ്രീ അരുൾ രാജ്, അസിസ്റ്റന്റ് എഞ്ചിനീയർ, കൃഷി ഡയറക്ടറേറ്റ് ( മൊബൈൽ നമ്പർ - 9383470068) , ഐ. ടി സെല്ലിൽ നിന്നും പദ്ധതി കോർഡിനേറ്റ് ചെയ്യുവാൻ ശ്രീ നവീഷ്. ഇ, അസിസ്റ്റന്റ് മാനേജർ(IT) എന്നിവരെ ചുമതലപ്പെടുത്തുന്നു.

8. പദ്ധതിയുമായി ബന്ധപ്പെട്ട കൃഷി വകുപ്പ് മന്ത്രി / ഉന്നത ഉദ്യോഗസ്ഥർ എന്നിവർക്ക് കർഷകരുമായി ഫോൺ / ഓൺലൈൻ മുഖേന ബന്ധപ്പെടുന്നതിനുള്ള സൗകര്യം മാനേജിംഗ് ഡയറക്ടർ , Managing Director SFAC Kerala ഒരുക്കേണ്ടതാണ്.

**Dr ADEELA ABDULLA IAS**
**DIRECTOR**
കൃഷി ഡയറക്ടർ

ഉള്ളടക്കം: യൂസർ മാന്വൽ
QR കോഡ് മാതൃക

പകർപ്പ്: എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും മാനേജിങ് ഡയറക്ടർ SFAC Kerala

Signed by
Salin Thapasi
Date: 28-10-2024 10:15:54